REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 15-11-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ബിഹാർ തെരഞ്ഞെടുപ്പിൽ NDA യ്ക്ക് വൻ വിജയം. 243 സീറ്റിൽ 202 ഉം നേടി NDAയ്ക്ക് തുടർഭരണം.**
- **വികസനത്തിന്റെ രാഷ്ട്രീയത്തെ അംഗീകരിക്കുന്നതാണ് ബിഹാറിലെ തെരഞ്ഞെടുപ്പ് വിജയമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **തീവ്ര വോട്ടർപ്പട്ടിക പരിഷ്കരണത്തിന്റെ രണ്ടാം ഘട്ടത്തിൽ 46 കോടിയിലധികം എന്യുമറേഷൻ ഫോമുകൾ വിതരണം ചെയ്തതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ.**
- **തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റായി ഡോ. K. ജയകുമാർ രാവിലെ സത്യപ്രതിജ്ഞ ചെയ്യും.**
- **കൊൽക്കത്ത ക്രിക്കറ്റ് ടെസ്റ്റിൽ ഒരു വിക്കറ്റിന് 37 റൺസ് എന്ന നിലയിൽ ഇന്ത്യ രാവിലെ ഒന്നാം ഇന്നിംഗ്സ് പുനരാരംഭിക്കും.**

## വാർത്തകൾ വിശദമായി

ബിഹാർ തെരഞ്ഞെടുപ്പിൽ NDA യ്ക്ക് വൻ വിജയം. 243 സീറ്റിൽ 202 ഉം നേടിയാണ് NDA തുടർഭരണത്തിലെത്തുന്നത്. 89 സീറ്റോടെ BJP ഏറ്റവും വലിയ ഒറ്റകക്ഷിയായി. നിധീഷ് കുമാറിന്റെ ജനതാദൾ U 85 സീറ്റ് നേടി. ലോക് ജനശക്തി പാർട്ടി (രാംവിലാസ്)ന് 19 സീറ്റ് ലഭിച്ചപ്പോൾ ഹിന്ദുസ്ഥാനി അവാം മോർച്ച (സെകുലർ) അഞ്ച് സീറ്റിലും വിജയിച്ചു. രാഷ്ട്രീയ ലോക് മോർച്ച നാലിടത്ത് സീറ്റ് സ്വന്തമാക്കി.

RJD നേതൃത്വം നൽകുന്ന മഹാഗഡ്ബന്ധൻ 35 സീറ്റിലേക്ക് ഒതുങ്ങി. RJD 25 സീറ്റിലും, കോൺഗ്രസ് ആറിടത്തും ജയിച്ചപ്പോൾ CPI-ML രണ്ടിടത്തും, CPIMഉം ഇന്ത്യൻ ഇൻക്ലൂസീവ് പാർട്ടിയും ഓരോ സീറ്റിലും വിജയിച്ചു. AIMIM ന് അഞ്ച് സീറ്റും BSPയ്ക്ക് ഒരു സീറ്റുമുണ്ട്.

മഹാഗഡ്ബന്ധൻ മുഖ്യമന്ത്രി സ്ഥാനാർത്ഥിയായിരുന്ന തേജസ്വി യാദവ് വിജയിച്ചു. പ്രശാന്ത് കിഷോറിന്റെ ജൻ സുരാജ് പാർട്ടിക്ക് ഒരു സീറ്റും ലഭിച്ചില്ല.

✪✪✪

വികസനത്തിന്റെ രാഷ്ട്രീയത്തെ അംഗീകരിക്കുന്നതാണ് ബിഹാറിലെ തെരഞ്ഞെടുപ്പ് വിജയമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ജംഗിൾരാജിന്റെയും സ്വജനപക്ഷപാതത്തിന്റെയും രാഷ്ട്രീയത്തെ ബിഹാർ ജനത തള്ളിക്കളഞ്ഞതായും അദ്ദേഹം വിലയിരുത്തി. RJD ഭരണത്തിന്റെ ദുർമുഖം നേരിടേണ്ടിവന്ന ബിഹാറിലെ വനിതകളുടെ വിജയമാണ് ഇതെന്നും ന്യൂഡൽഹിയിൽ പാർട്ടി ആസ്ഥാനത്ത് പ്രവർത്തകരെ അഭിസംബോധന ചെയ്ത പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. ജനാധിപത്യത്തിൽ ഉറച്ച് വിശ്വസിച്ച് റെക്കോർഡ് പോളിംഗ് കൈവരിച്ചതിന് അദ്ദേഹം ബിഹാർ ജനതയെ അഭിനന്ദിച്ചു. ഒരു ബൂത്തിൽ പോലും റീപോളിംഗ് ഉണ്ടാകാത്ത ബിഹാറിലെ ആദ്യ തെരഞ്ഞെടുപ്പാണ് ഇതെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഒരിടത്തും അനിഷ്ട സംഭവങ്ങളും ഉണ്ടായില്ല. വോട്ടർപട്ടിക സംശുദ്ധമാക്കുന്നതിന് ജനങ്ങൾ നൽകിയ വൻ പിന്തുണകൂടിയാണ് NDAയുടെ വിജയമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. തെരഞ്ഞെടുപ്പിലെ ഉജ്ജ്വല വിജയത്തിൽ സഖ്യത്തിലെ മറ്റ് പാർട്ടികളേയും പ്രവർത്തകരേയും പ്രധാനമന്ത്രി നന്ദി അറിയിച്ചു.

BJP ദേശീയ അധ്യക്ഷൻ JP നദ്ദയും ബിഹാറിലെ ജനങ്ങൾ കാട്ടുനീതിയുടെ ഭരണത്തിനെതിരെ വികസനത്തെ തെരഞ്ഞെടുത്തതായി വിജയത്തെ വിലയിരുത്തി. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിന് ജനത നൽകുന്ന വിശ്വാസമാണ് ബിഹാർ വിജയമെന്നും നദ്ദ പറഞ്ഞു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഗുജറാത്തിൽ 9,700 കോടിയിലധികം രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കമിടും. തുടർന്ന് പൊതുസമ്മേളനത്തെയും പ്രധാനമന്ത്രി അഭിസംബോധന ചെയ്യും.

ഡെസ്ക് റിപ്പോർട്ട്

........വോയ്സ്.......

മുംബൈ-അഹമ്മദാബാദ് അതിവേഗ റെയിൽ ഇടനാഴിയുടെ പുരോഗതി അവലോകനം ചെയ്യുന്നതിന്, നരേന്ദ്രമോദി സൂറത്തിലെ നിർമ്മാണത്തിലിരിക്കുന്ന ബുള്ളറ്റ് ട്രെയിൻ സ്റ്റേഷൻ സന്ദർശിക്കും.

ദേദിയാപാഡയിൽ ഭഗവാൻ ബിർസ മുണ്ടയുടെ 150-ാം ജന്മവാർഷിക ആഘോഷത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന പരിപാടിയിലും മോദി പങ്കുചേരും. പ്രധാൻമന്ത്രി ജൻജാതി ആദിവാസി ന്യായ മഹാ അഭിയാനിൽ നിർമ്മിച്ച ഒരു ലക്ഷം വീടുകളുടെ ഗൃഹപ്രവേശനചടങ്ങിലും നരേന്ദ്രമോദി പങ്കെടുക്കും.

✪✪✪

സ്വാതന്ത്ര്യ സമര സേനാനിയും ആദിവാസി നേതാവുമായ ഭഗവാൻ ബിർസ മുണ്ടയുടെ ജന്മവാർഷികത്തോടനുബന്ധിച്ച് രാജ്യം ഇന്ന് ജൻ ജാതിയ ഗൗരവ് ദിവസ് ആഘോഷിക്കുന്നു. ഗോത്ര ചരിത്രം സജീവമായി നിലനിർത്തേണ്ടതിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞാണ് നവംബർ 15 ജൻ ജാതിയ ഗൗരവ് ദിവസ് ആയി ആചരിക്കുന്നത്. വിവിധ മന്ത്രാലയങ്ങളിലും സംസ്ഥാന ങ്ങളിലും സാംസ്കാരിക പരിപാടികൾ, പ്രദർശനങ്ങൾ, ഗോത്ര വീരന്മാരുടെ പാരമ്പര്യത്തെ അനുസ്മരിക്കുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ എന്നിവ ആഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിക്കും.

✪✪✪

ജമ്മു കശ്മീരിലെ നൗഗാം പൊലീസ് സ്റ്റേഷനിലെ വൻ സ്ഫോടനത്തിൽ ഏഴ് പേർ മരിച്ചതായി വാർത്താ എജൻസികൾ റിപ്പോർട്ട് ചെയ്തു. നിരവധി പേർക്ക് പരിക്കേറ്റു. ഫരീദാബാദിൽ നിന്ന് പിടിച്ചെടുത്ത സ്ഫോടക വസ്തുക്കൾ ഫോറൻസിക് വിഭാഗം പരിശോധിക്കുന്ന തിനിടെയാണ് അപകടമുണ്ടായത്.

✪✪✪

തീവ്ര വോട്ടർപ്പട്ടിക പരിഷ്കരണത്തിന്റെ രണ്ടാം ഘട്ടത്തിൽ രാജ്യത്ത് ഇതുവരെ 46 കോടിയിലധികം എന്യുമറേഷൻ ഫോമുകൾ വിതരണം ചെയ്തതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. ഈ ഘട്ടത്തിലെ മൊത്തം 51 കോടി വോട്ടർമാരുടെ 91 ശതമാനമാണിത്. അടുത്ത മാസം നാല് വരെ രണ്ടാം ഘട്ടം തുടരും.

✪✪✪

തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിന്റെ 11-ാം ദിവസമായ ഇന്നലെ വൈകിട്ടോടെ രണ്ട് കോടി 20 ലക്ഷത്തിലേറെ വോട്ടർമാരുടെ കൈകളിൽ എന്യൂമറേഷൻ ഫോം എത്തിയതായി മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U.കേൽക്കർ അറിയിച്ചു. ഏഴ് ജില്ലകളിൽ 80 ശതമാനത്തിലേറെ

ഫോമുകൾ വിതരണം ചെയ്തതായി അദ്ദേഹം തിരുവനന്തപുരത്ത് വാർത്താകുറിപ്പിൽ അറിയിച്ചു.

✪✪✪

സംസ്ഥാനത്തെ തീവ്ര വോട്ടർപട്ടിക പരിഷ്കരണ നടപടി കളുടെ ഭാഗമായി മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ വിളിച്ച രാഷ്ട്രീയ പാർടികളുടെ യോഗം രാവിലെ തിരുവനന്തപുരത്ത് ചേരും. മാസ്കറ്റ് ഹോട്ടലിൽ രാവിലെ 11നാണ് യോഗം. നാലാം തവണയാണ് തെരഞ്ഞെടുപ്പ് ഓഫീസർ സർവകക്ഷി യോഗം വിളിക്കുന്നത്

✪✪✪

തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റായി ഡോ. K. ജയകുമാർ രാവിലെ സത്യപ്രതിജ്ഞ ചെയ്യും. നിയുക്ത അംഗം K.രാജുവും അദ്ദേഹത്തോടൊപ്പം സ്ഥാനമേൽക്കും. രാവിലെ 11.30ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് ആസ്ഥാനത്താണ് സത്യപ്രതിജ്ഞ ചടങ്ങ്.

✪✪✪

ലോകായുക്താ ദിനാചരണത്തിന്റെ ഭാഗമായി കേരളാ ലോകായുക്ത, വൈകിട്ട് തിരുവനന്തപുരം നിയമസഭാ സമുച്ചയത്തിലെ ബാങ്ക്വറ്റ് ഹാളിൽ പ്രത്യേക പരിപാടി സംഘടിപ്പിക്കും. ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് A മുഹമ്മദ് മുഷ്താഖ് മുഖ്യാതിഥിയായി പങ്കെടുക്കും. ലോകായുക്താ ജസ്റ്റിസ് N അനിൽകുമാർ, ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് VG അരുൺ, ചീഫ് സെക്രട്ടറി ഡോ. A ജയതിലക്, അഡ്വക്കറ്റ് ജനറൽ K ഗോപാലകൃഷ്ണക്കുറുപ്പ് തുടങ്ങിയവരും സംബന്ധിക്കും. ഇന്റർ കോളജിയേറ്റ് മൂട്ട് കോർട്ട് മത്സര ജേതാക്കൾക്ക് ട്രോഫികളും ചടങ്ങിൽ സമ്മാനിക്കും.

✪✪✪

മൂന്നാമത് നോർത്ത് മലബാർ ട്രാവൽ ബസാർ ഇന്നും നാളെയും കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നടത്തും. ഉത്തരമലബാറിലെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ സാധ്യതകൾ ആഗോള വിനോദസഞ്ചാരികൾക്ക് മുന്നിൽ അവതരിപ്പിക്കുന്നതാണ് മേള.

കണ്ണൂരിൽ നിന്ന് KO ശശിധരൻ...

.....വോയ്സ്........

നോർത്ത് മലബാർ ടൂറിസം ഓർഗനൈസേഷന്റെയും കണ്ണൂർ വിമാനത്താവളത്തിന്റെയും മെട്രോമാർട്ടിന്റെയും ആഭിമുഖ്യത്തിലാണ് ട്രാവൽ ബസാർ സംഘടിപ്പിക്കുന്നത്. വിനോദസഞ്ചാര മേഖലയിൽ പ്രവർത്തിക്കുന്ന

120 ഓളം സ്ഥാപനങ്ങൾ അവരുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും മേളയിൽ പരിചയപ്പെടുത്തും.കണ്ണൂർ ജില്ലയിലെ ആയുർവേദ സ്ഥാപനങ്ങളുടെ പ്രത്യേക പവലിയനും ഉണ്ടാകും .

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി ഇതിനകം ആയിരത്തിലധികം ടൂർ ഓപ്പറേറ്റർമാർ  രജിസ്റ്റർ ചെയ്തിട്ടുണ്ട്.ഉത്തരമലബാറിന്റെ രുചി വൈവിധ്യം, സാംസ്കാരിക തനിമ, നാടൻ കലാരൂപങ്ങൾ എന്നിവയും ടൂർ ഓപ്പറേറ്റർമാരെ പരിചയപ്പെടുത്തും. ആദ്യമായാണ് ഒരു വിമാനത്താവളത്തിൽ  ട്രാവൽ ബസാർ ഒരുക്കുന്നത്.. ഇന്ന് രാവിലെ കൈതപ്രം ദാമോദരൻ നമ്പൂതിരി ഉദ്ഘാടനം ചെയ്യും. നാളെ  രാവിലെ 10 മണി മുതൽ പൊതുജനങ്ങൾക്ക് സ്റ്റാളുകൾ സന്ദർശിക്കാനുള്ള അവസരവും ഒരുക്കിയിട്ടുണ്ട്

✪✪✪

കൊൽക്കത്തയിൽ ഇന്ത്യ ദക്ഷിണാഫ്രിക്ക ആദ്യ  ക്രിക്കറ്റ് ടെസ്റ്റിൽ ഒരു വിക്കറ്റിന് 37 റൺസ്  എന്ന നിലയിൽ രാവിലെ ഇന്ത്യ ഒന്നാം ഇന്നിംഗ്സ് പുനരാരംഭിക്കും. ഇന്നലെ കളിയവസാനിക്കുമ്പോൾ  13 റൺസുമായി KL രാഹുലും ആറ് റൺസുമായി വാഷിംഗ്ടൺ സുന്ദറുമാണ്  ക്രീസിൽ.

നേരത്തെ, ബാറ്റിംഗ് തിരഞ്ഞെടുത്ത ദക്ഷിണാഫ്രിക്ക ഒന്നാം ഇന്നിംഗ്സിൽ 159 റൺസിന് എല്ലാവരും പുറത്തായിയിരുന്നു.

✪✪✪

വനിതാ ബ്ലൈന്റ് ക്രിക്കറ്റ് ലോകകപ്പിൽ ഇന്ത്യ സെമിയിലെത്തി. മൂന്നാം മത്സരത്തിൽ നേപ്പാളിനെ 85 റൺസിന് തോൽപ്പിച്ചാണ് ഇന്ത്യയുടെ സെമി ഫൈനൽ പ്രവേശനം. ദീപിക TCയെ കളിയിലെ താരമായി തെരഞ്ഞെടുത്തു.

✪✪✪

പരിശീലനം പൂർത്തിയാക്കിയ 406 പോലിസ് സേനാംഗങ്ങളുടെ പാസിങ് ഔട്ട് പരേഡ് ഇന്നലെ വൈകിട്ട് മലപ്പുറം  MSP പരേഡ് ഗ്രൗണ്ടിൽ നടത്തി. സംസ്ഥാന പോലിസ് മേധാവി റവദാ ചന്ദ്രശേഖർ പരേഡിന്റെ അഭിവാദ്യം സ്വീകരിച്ചു  MSP ബറ്റാലിയനിലെ 319, കോൺസ്റ്റബിൾമാരുൾപ്പെടെ, 329 പേരും, കേരള ആംഡ് പോലിസ് ബറ്റാലിയനിലെ 77 റിക്രൂട്ട് ട്രെയിനിങ് പോലിസ് സേനാംഗങ്ങളുമാണ് പാസ്സിംഗ് ഔട്ട് പരേഡിൽ പങ്കെടുത്തത്.

✪✪✪

വനിതാ-ശിശുവികസന വകുപ്പിന്റെ നേതൃത്വത്തിൽ ഈ മാസം 21 വരെ സംഘടിപ്പിക്കുന്ന ശിശുദിന വാരാഘോഷത്തിന്റെ ഭാഗമായി വൈകിട്ട് മലബാർ ക്രിസ്ത്യൻ കോളേജ് ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ സൗഹൃദ ഫുട്ബോൾ മത്സരം നടത്തും. വൈകിട്ട് നാലിന് കളക്ടേഴ്സ് ഇലവനും, ചിൽഡ്രൻസ് ഇലവനും ഏറ്റുമുട്ടും.

✪✪✪

വന്ദേമാതരത്തിന്റെ 150-ാം വാർഷികം തൊടുപുഴ ന്യൂമാൻ കോളേജിൽ വിപുലമായി ആഘോഷിച്ചു. മുവാറ്റുപുഴ 18 കേരള ബറ്റാലിയൻ NCC യുടെ നേതൃത്വത്തിലാണ് ആഘോഷം സംഘടിപ്പിച്ചത്.

കേഡറ്റുകൾ തൊടുപുഴയിലെ യുദ്ധസ്മാരകത്തിൽ വീരജവാന്മാർക്ക് ആദരാഞ്ജലി അർപ്പിച്ച് റീത്ത് ലെയിംഗ് സെറിമണിയും പരിപാടിയുടെ ഭാഗമായി നടത്തി. തുടർന്ന് വന്ദേമാതര ആലാപന മത്സരത്തിൽ നൂറോളം കുട്ടികൾ പങ്കെടുത്തു. കോതമംഗലം MA കോളേജ് ഒന്നാം സ്ഥാനവും, ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളേജ് രണ്ടാം സ്ഥാനവും നേടി. മെഗാ വന്ദേ മാതര ആലാപനവും സംഘടിപ്പിച്ചിരുന്നു.

✪✪✪

വെട്ടുകാട് മാദ്രെ ദെ ദേവൂസ് ദേവാലയത്തിലെ തിരുനാളിന് കൊടിയേറി. വൈകിട്ട് പൊന്തിഫിക്കൽ ദിവ്യബലിക്ക് തിരുവനന്തപുരം ലത്തീൻ അതിരൂപതാ സഹായമെത്രാൻ ഡോ. R. ക്രിസ്തുദാസ് മുഖ്യകാർമികനായി.

BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ, ഡോ. ശശി തരൂർ MP, ആന്റണി രാജു MLA തുടങ്ങിയവർ കൊടിയേറ്റ് കർമ്മത്തിൽ പങ്കെടുത്തു.

✪✪✪

വിവരാവകാശ നിയമ പ്രകാരം വിവരങ്ങൾ നൽകാതിരുന്നാലോ, വൈകിച്ചാലോ ഒഴിവുകഴിവുകൾ പറഞ്ഞ് ഉദ്യോഗസ്ഥർക്ക് രക്ഷപ്പെടാൻ വ്യവസ്ഥകളില്ലെന്ന് സംസ്ഥാന വിവരാവകാശ കമ്മീഷണർ TK രാമകൃഷ്ണൻ പറഞ്ഞു. കോഴിക്കോട്ട് ഹിയറിങ്ങിനു ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.

വിവരം നൽകാതിരിക്കുകയോ, വിവരം നൽകുന്നതിൽ കാലതാമസം ഉണ്ടാക്കുകയോ ചെയ്താൽ ഉദ്യോഗസ്ഥർക്കെതിരെ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുമെന്ന് കമ്മീഷണർ മുന്നറിയിപ്പ് നൽകി.

✪✪✪

മണ്ഡല- മകരവിളക്ക് മഹോത്സവത്തിനായി ശബരിമലയിൽ നാളെ വൈകിട്ട് നട തുറക്കും. ദർശനത്തിന് ഓൺലൈൻ വെർച്വൽ ക്യൂ ബുക്കിംഗ് ആരംഭിച്ചിട്ടുണ്ട്. പമ്പ, നിലക്കൽ, എരുമേലി, വണ്ടിപ്പെരിയാർ, ചെങ്ങന്നൂർ എന്നിവിടങ്ങളിൽ തത്സമയ ബുക്കിംഗിനും കൌണ്ടർ തുറന്നിട്ടുണ്ട്. ഓൺലൈൻ ആയി 70,000 പേർക്കും തത്സമസ ബുക്കിംഗ് വഴി 20,000 പേർക്കും ദർശനം സാദ്ധ്യമാകും.

✪✪✪

കണ്ണൂർ പാനൂർ പാലത്തായി പീഡനകേസിൽ ശിക്ഷാവിധി ഇന്ന് പ്രഖ്യാപിക്കും. കേസിൽ പ്രതി പത്മരാജൻ കുറ്റക്കാരനാണെന്ന് തലശ്ശേരി പോക്സോ അതിവേഗ കോടതി ഇന്നലെ കണ്ടെത്തിയിരുന്നു.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: രജ്ന കെ*
*DEO : സി കെ സുബോധ്*